പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2458** 9..12..2014 ൽ മറുപടിക്ക്

## വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവസായ സംബന്ധമായ വിവരങ്ങളും ഓരോ സ്ഥാപനവും ആരംഭിക്കുന്നതിനായി ചെലവഴിച്ച മൂലധനവും എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം I ആയും പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവസായ സംബന്ധമായ വിവരങ്ങളും ഓരോ സ്ഥാപനവും ആരംഭിക്കുന്നതിനായി ചെലവഴിച്ച മൂലധനത്തിന്റെ വിവരവും അനുബന്ധം II ആയും ചേർക്കുന്നു. |
| (ബി) വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ 3 വർഷങ്ങളിലെ പ്രവർത്തനങ്ങളിൽ ലാഭവും നഷ്ടവും വരുത്തിയ കമ്പനികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2011-12 മുതൽ 2013-14 വരെ കാലയളവിലെ ലാഭനഷ്ടക്കണക്കുകളുടെ വിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (സി) 2010-2011 വർഷത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം തുടർന്നു വരുന്ന വർഷങ്ങളിൽ നഷ്ടമുണ്ടാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) ഉണ്ട്. 2010-11 -ൽ ലാഭവും പിന്നെയുള്ള വർഷങ്ങളിൽ നഷ്ടം രേഖപ്പെടുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം IV-ആയി ചേർത്തിരിക്കുന്നു. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുൻ വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സ്ഥാപനം ലാഭത്തിൽ | (ഡി) ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>i) 2010-11 ൽ നഷ്ടത്തിലായിരുന്ന Travancore – Cochin Chemicals Ltd, 2011-12, 2012-13 എന്നീ കാലയളവിൽ ലാഭത്തിലാണ് പ്രവർത്തിച്ചത്. |

ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

ii) 2010-11 ൽ നഷ്ടത്തിലായിരുന്ന Travancore Cements Ltd, 2012-13 ൽ ലാഭം ഉണ്ടാക്കി

ii) 2010-11 ൽ നഷ്ടത്തിലായിരുന്ന Kerala State Cashew Workers Apex Industrial Co-operative Society Ltd (CAPEX) 2013-14 ൽ ലാഭം ഉണ്ടാക്കി

(ഇ) വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനം പ്രവർത്തനം നിർത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

(ഇ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ വർഷങ്ങളായി പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. Keltron Counters Ltd - *Non-operational since 2002*
2. Keltron Power Devices Ltd - *Operations stopped in 2001*
3. Keltron Rectifiers Ltd - *Operations stopped in* 2003 *based on BIFR decision*
4. Kerala State Detergents & Chemicals Ltd - *Non-operational since 2002*
5. Astral Watches Ltd- *Non-operational since 2002*
6. Kerala Garments Ltd - *Non-operational since 2007*
7. Kerala Special Refractories Ltd - *Operations stopped in 2000*
8. *Sidkel Television Ltd - Operations stopped in 2001*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പ്രവർത്തനം നിർത്തലാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്